വിക്കിപീഡിയ
സ്വതന്ത്രസർവ്വവിജ്ഞാനകോശം

മലയാളം വിക്കിപീഡിയ
പത്താം പിറന്നാൾ ആഘോഷ സമിതി
എറണാകുളം
http://ml.wikipedia.org

To
പത്രാധിപർ,

**പത്രക്കുറിപ്പ്**

## മലയാളം വിക്കിപ്പീഡിയർ എറണാകുളത്ത് ഡിസംബർ 23 ന് മലയാളം വിക്കിപ്പീഡിയയുടെ പത്താം പിറന്നാൾ ആഘോഷിച്ചു.

മലയാളത്തിലെ ഏറ്റവും വലിയ ഇന്റർനെറ്റ് വിവരസംഭരണിയും ഓണ്‍ലൈൻ വിജ്ഞാനകോശവുമായ മലയാളം വിക്കിപീഡിയയ്ക്ക് ഡിസംബർ 21 ന് പത്തുവയസ്സുതികഞ്ഞു. വിക്കിപ്പീഡിയർ ഈ സ്വതന്ത്ര വിശ്വവിജ്ഞാനകോശം കൂടുതൽ നന്നാക്കുവാനായി 21-ആം തീയതി ഒരു ഇന്റർനെറ്റ് യജ്ഞത്തിലായിരുന്നു. ഇതിന്റെ ഭാഗമായി ഒറ്റ ദിവസം കൊണ്ട് 176 പുതിയ ലേഖനങ്ങളും 784 പുതിയ താളുകളും 4174 പുതിയ തിരുത്തലുകളും വിക്കിപ്പീഡിയയ്ക്ക് ലഭിച്ചു. 217 പുതിയ ഉപയോക്താക്കളാണ് വിക്കിപ്പീഡിയയിൽ ഒരു ദിവസം അംഗത്വമെടുത്തത്. പത്തു വയസ്സുള്ള ഒരു കുട്ടി ഇഷ്ടപ്പെടുന്ന പിറന്നാൾ സമ്മാനം തന്നെയല്ലേ ഇത്രയധികം പുതിയ കൂട്ടുകാർ?

പിറന്നാൾ പരിപാടികൾ ഡിസംബർ 8 ന് കണ്ണൂരിൽ നടത്തിയ വിക്കി വന-വിജ്ഞാനയാത്രയോടെ ആരംഭിച്ചു. ഡിസംബർ 15-നു തൃശ്ശൂർ തേക്കിൻ കാട് മൈതാനത്ത് നെഹ്രു പാർക്കിൽ വച്ച് ബ്ലോഗർമാരും എഞ്ചിനിയറിംഗ് വിദ്യാർത്ഥികളും മറ്റും പങ്കെടുത്ത വിക്കി ഫേസ് പ്ലസ് എന്ന കൂട്ടായ്മ നടന്നു. 21-ന് കൊല്ലത്തും, 22-ന് ബാംഗ്ലൂരിലും പരിപാടികൾ നടന്നു.

23 ന് എറണാകുളത്ത് ചേർന്ന വിക്കിപീഡിയ പിറന്നാൾ സമ്മേളനം കലൂർ റിന്യൂവൽ സെന്ററിൽ മലയാളം സർവ്വകലാശാലാ വൈസ് ചാൻസിലർ കെ. ജയകുമാർ ഉദ്ഘാടനം ചെയ്തു.

പ്രകാശ് ബാരെ, എസ്. രമേഷ്, ജോസഫ് തോമസ് ................................ ........... തുടങ്ങിയ കലാ-സാഹിത്യ-സാംസ്കാരിക പ്രമുഖർ പിറന്നാൾ ആശംസകൾ നേരുവാൻ ഈ സമ്മേളനത്തിൽ ഒത്തുചേർന്നു.

മലയാളത്തിന്റെ പ്രിയ കവി ഇടപ്പള്ളി രാഘവൻ പിള്ളയുടെ സമ്പൂർണ്ണ കൃതികൾ സമ്മേളനത്തിന്റെ ഭാഗമായി വിക്കിഗ്രന്ഥശാലയിൽ ടൈപ്പ് ചെയ്ത് ചേർത്തു. ആതിഥേയ ജില്ലയ്ക്ക് വിക്കിമീഡിയർ നൽകിയ സമ്മാനമായിരുന്നു ഇത്. ഇടപ്പള്ളി കൃതികൾ വിക്കിഗ്രന്ഥശാലയിൽ എത്തുന്നതോടെ ലോകത്തെവിടെയുമുള്ള മലയാളികൾക്ക് അത് എല്ലായ്പ്പോഴും സൗജന്യമായി ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകും. ഇത് പങ്കാളികൾക്ക് വിക്കി എഡിറ്റിംഗിൽ ഒരു പ്രായോഗിക പരിശീലനവുമായി.

ഡോ. നത ഹുസൈൻ വിക്കിപ്പീഡിയ ഒരു വിഹഗവീക്ഷണം എന്ന പേരിൽ മലയാളം വിക്കിപ്പീഡിയയുടെ പ്രാധാന്യം വ്യക്തമാക്കുന്ന ആമുഖം നൽകി.

കണ്ണൻ ഷണ്മുഖം മലയാളം വിക്കിപീഡിയയുടെ ഇതുവരെയുള്ള നേട്ടങ്ങളും ഇപ്പോഴുള്ള സ്ഥിതിയും വിശദമാക്കുന്ന അവതരണം നടത്തി.

മനോജ് കെ. മോഹൻ ഗ്രന്ഥശാല, ചൊല്ലുകൾ, വിക്ഷണറി തുടങ്ങിയവയുടെ ഇതുവരെയുള്ള നേട്ടങ്ങളും ഇപ്പോഴുള്ള സ്ഥിതിയും വിശദമാക്കുന്ന അവതരണം നടത്തി.

“മലയാളം കമ്പ്യൂട്ടിംഗും വിക്കിപീഡിയയും” എന്ന വിഷയത്തിൽ സെമിനാറും ഇതിന്റെ ഭാഗമായി നടന്നു. വിശ്വപ്രഭ, കെ.വി. അനിൽ കുമാർ  എന്നിവർ വിഷയാവതരണം നടത്തി. വി.കെ ആദർശ് മോഡറേറ്ററായിരുന്നു.

ശിവഹരി നന്ദകുമാർ, ഡോ. അജയ് ബാലചന്ദ്രൻ എന്നിവർ പങ്കെടുത്ത വിക്കിപീഡിയ പഠനശിബിരത്തിൽ വിക്കി എഡിറ്റിംഗിൽ പ്രായോഗിക പരിശീലനം നൽകപ്പെട്ടു.

പങ്കാളികളെല്ലാം പങ്കെടുത്ത പൊതുചർച്ചയും ഇതോടൊപ്പം നടന്നു.

ഇംഗ്ലീഷിലും, മലയാളത്തിലും ഉള്ള വിക്കിപീഡിയകളും ഇതരസംരംഭങ്ങളായ വിക്കിഗ്രന്ഥശാല, വിക്കിനിഘണ്ടു, വിക്കിചൊല്ലുകൾ തുടങ്ങിയവയും ഉപയോഗിക്കുന്നവരും ഇവയിൽ ലേഖനങ്ങൾ ചേർക്കുന്നവരുമായ കേരളത്തിനകത്തും പുറത്തുമുള്ള വിക്കിമീഡിയന്മാരാണ് ഈ ആഘോഷത്തിൽ ഒത്തുചേർന്നത്. വിക്കിപീഡിയയെക്കുറിച്ച് കൂടുതൽ അറിയാനും അതിലെ വിവരങ്ങൾ വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ രംഗങ്ങളിൽ ഫലപ്രദമായി ഉപയോഗിക്കാനും താല്പര്യമുള്ളവർക്ക് പ്രാഥമിക വിവരങ്ങൾ നൽകുവാനും വിക്കിപീഡിയ എഡിറ്റിംഗിൽ പ്രായോഗിക പരിശീലനം നൽകുവാനും പിറന്നാൾ സമ്മേളനത്തിൽ സംവിധാനം ഒരുക്കിയിരുന്നു. വിക്കിപീഡിയയെക്കുറിച്ച് മലയാളത്തിൽ തയ്യാറാക്കിയിട്ടുള്ള കൈപ്പുസ്തകവും ഈ പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് സൌജന്യമായി വിതരണം ചെയ്തു.

എറണാകുളം നഗരത്തിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് വിക്കി ക്ലബ്ബുകൾ രൂപീകരിച്ച് സംഘടിപ്പിക്കുന്ന വിക്കിവിദ്യാഭ്യാസ പദ്ധതിക്ക് 23 ന് തുടക്കം കുറിച്ചു. കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ കേന്ദ്രീകരിച്ച് വിക്കിപീഡിയ പഠനശിബിരങ്ങളും ഇതിന്റെ ഭാഗമായി  ആസൂത്രണം ചെയ്യപ്പെട്ടു.

2002 ഡിസംബർ 21 ന് തിരുവനന്തപുരം സ്വദേശിയായ വിനോദ് എം.പി.യാണ് മലയാളം വിക്കിപീഡിയ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻകൈയ്യെടുത്തത്. മലയാളം വിക്കിപീഡിയ സൃഷ്ടിച്ച്, അതിൽ ആദ്യമായി അദ്ദേഹം എഴുതിയയത് മലയാളം അക്ഷരമാലയാണ്. അതിനെ തുടർന്നുള്ള പത്തുവർഷം കൊണ്ട് ചില മാനകങ്ങളിൽ ഇന്ത്യയിലെ മറ്റുഭാഷാ വിക്കിപീഡിയകളേക്കാൾ വളരെ മുന്നിൽ ഇന്ന് മലയാളം വിക്കിപീഡിയ എത്തിച്ചേർന്നിരിക്കുന്നു. മിക്ക പ്രധാന വിഷയങ്ങളിലും വിശദമായ ലേഖനങ്ങൾ ഇക്കാലം കൊണ്ട് അതിൽ ഉൾപ്പെടുത്തപ്പെട്ടു. ml.wikipedia.org എന്ന മലയാളം വിക്കിപീഡിയയിൽ ഇപ്പോഴത്തെ ലേഖനങ്ങളുടെ എണ്ണം 28000-ഓളമാണ്. ഇന്ത്യൻ ഭാഷകളിലെ ഏറ്റവും സജീവമായ ലേഖകരുടെ കൂട്ടായ്മ - വിക്കിമീഡിയ സമൂഹം - നിലനിൽക്കുന്നതും മലയാളത്തിലാണ്.

കണ്ണൂരിൽ 23-നു തന്നെ ഞായറാഴ്ച രാവിലെ 10 മണി മുതൽ കണ്ണൂർ കാൾ ടെക്സ് ജംഗ്ഷനിലുള്ള ജില്ലാ ലൈബ്രറി ക◌ൗൺസിൽ ഹാളിൽ വച്ചും പിറന്നാളാഘോഷം നടന്നു.

ജനുവരി 3 ന് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് അങ്കണത്തിൽ വിക്കി-പഠനശിബിരത്തോട് ചേർന്ന് നടത്തുവാനുദ്ദേശിയ്ക്കുന്ന പരിപാടിയാണ് വിക്കി@ടെക്ക്. വിക്കിപീഡിയ ഉപയോഗിക്കുന്നവരും, മാറ്റങ്ങൾ വരുത്തുന്നവരും,ഇതേക്കുറിച്ച് കൂടുതൽ അറിയുവാൻ താത്പര്യപ്പെടുന്നവരും ആയ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വേണ്ടിയാണ് പരിപാടി സംഘടിപ്പിയ്ക്കുന്നത്.

മലയാളം വിക്കിപീഡിയയെക്കുറിച്ച് കേരളത്തിലെ പത്ര-ശ്രാവ്യ-ദൃശ്യമാദ്ധ്യമങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ഗാഢമായ അവബോധം നൽകുവാൻ ഉദ്ദേശിച്ച് ഭാവിയിൽ വിക്കിപീഡിയ മാദ്ധ്യമപരിചയക്യാമ്പ് എന്ന ദ്വിദിനപരിപാടി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വിക്കിപീഡിയാ സന്നദ്ധസേവകർക്കൊപ്പം, പ്രമുഖ മാദ്ധ്യമസ്ഥാപനങ്ങളിൽ നിന്നും നിർദ്ദേശം ചെയ്യപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ട ഒരു സംഘമായിരിക്കും ക്യാമ്പിൽ പങ്കെടുക്കുക. ഇതിന്റെ സ്ഥലവും തീയതികളും മറ്റും ആസൂത്രണഘട്ടത്തിലാണ്.

**വി.കെ ആദർശ്**
(vkadarsh@gmail.com)
(ചെയർമാൻ)

**ഡോ.അജയ്ബാലചന്ദ്രൻ**
(drajay1976@yahoo.com)
(കൺവീനർ)

**പിറന്നാൾ ആഘോഷ സമിതി**